(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടി

284 [600] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി കേരളത്തിലെ പട്ടണങ്ങളിൽ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാനുള്ള പദ്ധതി നടപ്പാക്കുന്നതിനായി അക്വിസിഷൻ നടത്താൻ തീരുമാനിച്ച എത്ര കിലും മുനിസിപ്പൽ കൗൺസിലിന്റെ നടപടി ഗവൺമെന്റ് സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്തെല്ലാം മുനിസിപ്പാലിറ്റികളിൽ;

(സി) ഇങ്ങനെ ചെയ്യാനിടയായ കാരണമെന്തായിരുന്നു;

(ഡി) സ്റ്റേ ചെയ്ത നടപടി പിൻവലിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തലശ്ശേരി മുനിസിപ്പാലിറ്റിയുടെ നടപടി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) സ്ഥലമുടമയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് സ്റ്റേ ചെയ്തത്.

(ഡി) ഹൈക്കോടതിയുടെ ഉത്തരവും പരിഗണിച്ച് ഈ കാര്യം പരിഗണനയിൽ ആണ്.

ദേശീയ ജലപാത

285 [601] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്ന് മഞ്ചേശ്വരം വരെയുള്ള ദേശീയ ജലപാത നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ ജലപാതക്ക് എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത് ;

(സി) ഇതിന് കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ ;

(ഡി) ഈ പദ്ധതിയുടെ ഇന്നത്തെ സ്ഥിതിയെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ ജലപാത നടപ്പാക്കും മുൻപ് കൊച്ചിയിൽ നിന്നും തൃശ്ശൂർ കൊക്കാല വഞ്ചിക്കുളത്തേക്കു ജലപാത തുറന്ന് കൊച്ചി തൃശ്ശൂർ റോഡിലുള്ള ചരക്കു ഗതാഗതത്തിനും യാത്രക്കും കുറവു വരുത്താൻ നടപടികൾ എടുക്കുമോ ;

(എഫ്) ഇതു സംബന്ധിച്ചു തൃശ്ശൂർ ജില്ലാ വികസന സമിതി പാസാക്കിയ പ്രമേയം ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ നിവേദനത്തിൽ എന്തെല്ലാമാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(എച്ച്) ഈ ആവശ്യങ്ങളോടുള്ള ഗവൺമെൻറിൻെറ നിലപാട് എന്താണ് ;

(ഐ) ഈ പദ്ധതിക്കു വരുന്ന കൊല്ലത്തെ ബജറ്റിൽ വേണ്ടതായ സംഖ്യ ഉൾപ്പെടുത്താൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതി നടപ്പിലാക്കാനുള്ള ഒരു നിവേദനം 1982 ഡിസംബറിൽ കേരള ജലസേചനവകുപ്പുമന്ത്രി കേന്ദ്ര ഷിപ്പിംഗ് ആൻറ് ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്രഗവൺമെൻറിൻെറ പരിഗണനയിലാണ്.

(ബി) തിരുവനന്തപുരം—കൊല്ലം, കൊല്ലം—കൊച്ചി—ബേപ്പൂർ, ബേപ്പൂർ—മഞ്ചേശ്വരം എന്നീ നാല് ഘട്ടങ്ങളായി 145.27 കോടി രൂപയുടെ എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ടി പദ്ധതിയുടെ ഭാഗമായ കൊച്ചി മുതൽ കൊല്ലം വരെയുള്ള ഭാഗത്തെ പുരോഗമന ജോലികൾക്കായി 6.18 കോടി രൂപ മതിപ്പു ചെലവുള്ള ഒരു പദ്ധതി കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഈ മേഖലയിൽ ഹൈഡ്രോഗ്രാഫിക് സർവ്വേനടത്തുവാൻ ആവശ്യപ്പെടുകയും മേൽനടപടികൾ സ്വീകരിച്ചു വരുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതിയുടെ ഇന്നത്തെ സ്ഥിതി മുകളിൽ വിവരിച്ചിരിക്കുന്നതാണ്.

(ഇ) കൊച്ചിയിൽനിന്ന് തൃശ്ശൂർ കൊക്കാല വഞ്ചിക്കുളത്തേക്ക് ഒരു ജലപാത തുറക്കുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതാണ് കൊച്ചി—തൃശ്ശൂർ റോഡിലുള്ള ഗതാഗതതിരക്ക് ഒരു പരിധിവരെ കുറക്കുവാൻ പ്രസ്തുത ജലപാത ഉപകരിക്കും.

(എഫ്) ഇല്ല

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly